**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.656 — 05.06.2018-ലെ മറുപടിയ്ക്ക്

**<u>ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകാൻ സംസ്ഥാനത്ത് ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ പരിശീലനം നടപ്പിലാക്കുന്നതിനു ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി " അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും, ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) | ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കായിക ഇനങ്ങളിലാണ് പരിശീലനം നൽകുന്നതെന്നും പദ്ധതിയിലൂടെ | (ബി) | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻ കീഴിൽ അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, |

| | | | |
|---|---|---|---|
| | എത്ര കായിക താരങ്ങളെയാണ് പരിശീലിപ്പിക്കുന്നതെന്നും വ്യക്തമാക്കാമോ; | | റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലാണ് പരിശീലനം നൽകുന്നത്. ഷൂട്ടിംഗ് കായികയിനത്തിൽ 10 പേർക്കും ബാക്കി ഓരോ കായികയിനത്തിലും 20 കായിക താരങ്ങളെ വീതം ആകെ 210 കായിക താരങ്ങൾക്കാണ് പരിശീലനം നൽകുന്നത്. |
| (സി) | ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി നടത്തിപ്പിനായി എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | 2018 മുതൽ 2024 വരെയുള്ള ഏഴ് വർഷങ്ങളിലേയ്ക്കായി ആകെ 134 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**